# Official Spokesperson's response to media queries regarding recent statement by General Secretariat of the OIC

June 06, 2022

## ഒ ഐ സിയുടെ ജനറൽ സെക്രട്ടേറിയറ്റിന്റെ സമീപകാല പ്രസ്താവനയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ജൂൺ 06, 2022

ഒ ഐ സി ജനറൽ സെക്രട്ടേറിയറ്റിന്റെ സമീപകാല പ്രസ്താവനയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു:

ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷന്റെ (ഒഐസി) ജനറൽ സെക്രട്ടേറിയറ്റിൽ നിന്നും ഇന്ത്യയെക്കുറിച്ചുള്ള പ്രസ്താവന ഞങ്ങൾ കണ്ടു.

ഒഐസി സെക്രട്ടേറിയറ്റിന്റെ അനാവശ്യവും സങ്കുചിതവുമായ അഭിപ്രായങ്ങൾ ഇന്ത്യൻ സർക്കാർ നിരാകരിക്കുന്നു.

ഇന്ത്യാ ഗവൺമെന്റ് എല്ലാ മതങ്ങൾക്കും ഏറ്റവും വലിയ ബഹുമാനം നൽകുന്നു.

മതപരമായ വ്യക്തിത്വത്തെ അവഹേളിക്കുന്ന തരത്തിലുള്ള ട്വീറ്റുകളും കമന്റുകളും ചില വ്യക്തികൾ നടത്തിയതാണ്. അവ ഒരു തരത്തിലും ഇന്ത്യൻ സർക്കാരിന്റെ വീക്ഷണങ്ങളെ പ്രതിഫലിപ്പിക്കുന്നില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈ വ്യക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഒഐസിസി സെക്രട്ടേറിയറ്റ് വീണ്ടും പ്രകോപരപരവും തെറ്റിദ്ധരിപ്പിക്കുന്നതും വികൃതവുമായ അഭിപ്രായങ്ങൾ പറയുന്നത് തുടരുന്നതിൽ ഖേദമുണ്ട്. നിക്ഷിപ്ത താൽപ്പര്യങ്ങളുടെ ആഭിമുഖ്യത്തിൽ പിന്തുടരുന്ന അതിന്റെ വിഭജന അജണ്ടയെ ഇത് തുറന്നുകാട്ടുന്നു.

ഒ ഐ സി സെക്രട്ടേറിയറ്റിന്റെ വർഗീയ സമീപനം അവസാനിപ്പിക്കാനും എല്ലാ വിശ്വാസങ്ങളോടും മതങ്ങളോടും അർഹമായ ബഹുമാനം കാണിക്കാനും ഞങ്ങൾ ആവശ്യപ്പെടും.

**ന്യൂ ഡെൽഹി**
**ജൂൺ 06, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.